**POLICE** **DEPARTMENT**

**KERALA**

**No. D2(b)-41307/2020/A(7)**
District Police Office,
Alappuzha
✉spalpy.pol@kerala.gov.in
📞04772239326
Dated. 06-02-2021

**ലേല വിളംബരം**

**ആലപ്പുഴ ജില്ലാ പോലീസ് മേധാവി ,കേരള പോലീസ് ആക്റ്റ് 2011 സെക്ഷൻ 56 ,GO(P) NO.60/201dated 11.09.2018 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**

ആലപ്പുഴ ജില്ലയിലെ എടത്വ,മാന്നാർ എന്നീ പോലീസ് സ്റ്റേഷൻ പരിസരങ്ങളിൽ സ്റ്റേഷൻ ആഫീസർമാരുടെ ഉത്തരവാദിത്തത്തിൽ താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം അവകാശികൾ ഇല്ലാത്തതും നിലവിൽ അന്വേഷണാവസ്ഥയിലോ ,കോടതി വിചാരണയിലോ /പരിഗണയിലോ ഇല്ലാത്തതുമായ **24** വാഹനങ്ങൾ സൂക്ഷിച്ച് വരുന്നുണ്ട്. ഈ വാഹനങ്ങളിൽ ആർക്കെങ്കിലും അവകാശവാദം ഉന്നയിക്കാനുണ്ടെങ്കിൽ ഈ വിളംബരം പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ആഫീസർ മുൻപാകെ ഹാജരായി മതിയായ രേഖകൾ സഹിതം ഏതെങ്കിലും ആൾ തൻറെ ഉടമസ്ഥാവകാശം സ്ഥാപിക്കുകയും അയാൾക്ക് അതിൻറെ അവകാശം ഉണ്ടെന്നു ബോധ്യപ്പെടുന്ന പക്ഷം ആയതിന്റെ പിടിച്ചെടുക്കലിനും സൂക്ഷിപ്പിനും നിശ്ചയിക്കപ്പെട്ട ഫീസ് ഈടാക്കിയതിനു ശേഷം അത് വിട്ടുകൊടുക്കാൻ ഉത്തരവാകുന്നതാണ്.നിശ്ചിത കാലാവധിക്കുള്ളിൽ രേഖാപരമായ അവകാശവാദം ഉന്നയിക്കാത്തപക്ഷം ഈ വാഹനങ്ങൾ അവകാശികൾ ഇല്ലാത്ത വാഹനങ്ങളായി പരിഗണിച്ച് കേരള പോലീസ് ആക്റ്റ് 2011 സെക്ഷൻ 56 ,GO(P) NO.60/201dated 11.09.2018 എന്നിവ പ്രകാരം **26.02.2021** തീയതി എടത്വ പോലീസ് സ്റ്റേഷനിൽ വച്ച് രാവിലെ 10.മണിക്ക് പരസ്യമായി പൊതു ലേലം വഴി സർക്കാരിലേക്ക് മുതൽകൂട്ടാൻ ചെങ്ങന്നൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ചെയർമാനും എടത്വ, സ്റ്റേഷൻ ഹൗസ് ആഫീസർ , MT ASI മുരുകേശ് എന്നിവർ അംഗങ്ങളുമായുള്ള കമ്മറ്റിയെ ചുമതലപ്പെടുത്തുന്നു.

**ലേല നിബന്ധനകൾ**

1. പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ പോലീസ് സ്റ്റേഷനിലെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥരുടെ ഉത്തമ വിശ്വാസത്തിലും നൽകിയതിനാൽ ടി വിളംബരത്തിലെ ഏതെങ്കിലും പിശകിനോ തെറ്റായ പ്രസ്താവനയ്ക്കോ ,ഉപേക്ഷയ്ക്കോ ജില്ലാ പോലീസ് മേധാവിയോ മറ്റ് പോലീസ് ഉദ്യോഗസ്ഥരോ ഉത്തരവാദികൾ അല്ലാത്തതും അവരുടെ പ്രവർത്തികൾ കേരള പോലീസ് ആക്ട് (2011) ലെ 8 അദ്ധ്യായം 113 മത്തെ വകുപ്പ് പ്രകാരം സംരക്ഷിക്കപ്പെടുന്നതാണ്.

2. ലേലത്തിൽ പങ്കെടുക്കണമെങ്കിൽ വ്യക്തികൾ / സ്ഥാപനങ്ങൾ ലേലം വിളിക്കുന്നതിനുള്ള വാഹനങ്ങളുടെ മൊത്തം മൂല്യത്തിൻറെ 10ശതമാനം തുക നിരതദ്രവ്യമാക്കി കെട്ടിവെയ്ക്കേണ്ടതാണ്.

3.ലേലം വിളിച്ച വ്യക്തികൾ /സ്ഥാപനങ്ങൾ ലേലത്തുകയുടെ 50 ശതമാനം ലേല ദിവസം തന്നെ ജില്ലാ പോലീസ് മേധാവിയുടെ **SBI Mullackal Branch Account No.30727830749 IFSC –SBIN0003106** നമ്പറിൽ അടയ്ക്കേണ്ടതും ബാക്കി 50 ശതമാനം തുക തുടർന്നുള്ള 15 ദിവസത്തിനുള്ളിൽ അടയ്ക്കാവുന്നതാണ്.15 ദിവസത്തിനുള്ളിൽ ബാക്കി 50 ശതമാനം തുക അടയ്ക്കാത്തപക്ഷം ലേലം അസ്ഥിരപ്പെടുത്താനും അടച്ച തുക സർക്കാരിലേക്ക് മുതൽക്കൂട്ടാനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

4.ലേലം കൊള്ളുന്ന വ്യക്തികൾ / സ്ഥാപനങ്ങൾ 2000/-രൂപ ലേല ദിവസം തന്നെ ലേല കൌണ്ടറിൽ അടയ്ക്കേണ്ടതും ടി തുക വാഹനങ്ങൾ പൂർണ്ണമായി നീക്കം ചെയ്തുഎന്ന് ഉറപ്പ് വരുത്തിയതിനുശേഷം അതാത് പോലീസ് സ്റ്റേഷനിൽ നിന്നും തിരികെ കൈപ്പറ്റാവുന്നതുമാണ്.

5.ലേലം കൊണ്ട വ്യക്തികൾ / സ്ഥാപനങ്ങൾ മൊത്തം ലേലതുകയുടെ 18% GST അടയ്ക്കേണ്ടതും ഒരു ശതമാനം സെസ്സും (ബാധകമെങ്കിൽ) 15 ദിവസത്തിനുള്ളിൽ നേരിട്ട് അടച്ചതിനുശേഷം രസീത് പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കേണ്ടതാണ്.

6. ലേലം വിളിയുടെ തുകയിലോ ലേലം വിളിക്കുന്നവരുടെ കാര്യത്തിലോ തർക്കം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉചിതമാണെന്ന് കാണുന്നപക്ഷം ലേല നടപടികൾ പുനരാരംഭിച്ച് നടത്താൻ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കും.

7.ഉയർന്ന ലേലംവിളി നടത്തുന്നയാൾ ലേലത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഇനത്തിൻറെ വക്താവ് ആണെങ്കിലും അങ്ങനെ വിളിച്ച ഉയർന്ന ലേലത്തുക പ്രകടമായി അപര്യാപ്തമാണെന്ന് തോന്നുകയാണെങ്കിൽ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് ആ ലേലത്തുക

നിരാകരിക്കാനുള്ള വിവേചന അധികാരം ഉണ്ടായിരിക്കുന്നതാണ്.

8.ലേലം ചെയ്ത ഇനത്തിൽപ്പെട്ട വസ്തുക്കളുടെ കാര്യത്തിൽ ഓരോ ഇനത്തിൻറെയും വില വിൽപ്പന സമയത്തോ ലേലം നടത്തുന്ന ഉദ്യോഗസ്ഥൻ ആവിശ്യപ്പെടുന്നതുപോലെയോ ഉടനടി നൽകേണ്ടതും ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ പുനർലേലം ചെയ്തു വിൽപ്പന നടത്തുന്നതുമാണ്.

9.ലേലം കൊണ്ടവ്യക്തികൾ / സ്ഥാപനങ്ങൾ ഡെലിവറി ഓർഡർ കൈപ്പറ്റിയശേഷം 15 ദിവസത്തിനുള്ളിൽ വാഹനങ്ങൾ സ്വന്തം ചിലവിൽ വാഹനങ്ങൾ കിടക്കുന്ന സ്ഥലത്തുനിന്നും പൊളിച്ചു നീക്കം ചെയ്യേണ്ടതാണ്.

10.മറ്റേതെങ്കിലും സാഹചര്യത്തിൽ ആവിശ്യമെന്ന് തോന്നുന്ന പക്ഷം ലേലം മാറ്റിവെയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

11.ലേലത്തിന് വരുന്നവർ കോവിഡ്- 19 മാനദണ്ഡങ്ങൾ കൃത്യമായിപാലിക്കേണ്ടതാണ്.

| SL No. | Police Station | Type of vehicles (Car, M/C, Lorry, Autorikshaw etc.) | Make ( Bajaj, Maruthi, Honda) | Reg.No. of vehicle | Place Where Vehicles Kept | Assessed Value | Condition of Vehicle on Inspection |
|---|---|---|---|---|---|---|---|
| **LOTE -09** | | | | | | | |
| 1 | Edathua | M/C | Hero Honda CD100 | KL-05-E-2578 | Station Premises | 800 | Scrap |
| 2 | Edathua | M/C | Hero Honda Splender | KL-04-H-9918 | Station Premises | 750 | Scrap |
| 3 | Edathua | M/C | Suzuki Sumurai | KL-05-K-6918 | Station Premises | 700 | Scrap |
| 4 | Edathua | Scooter | Hero | KL-04-P-7377 | Station Premises | 800 | Scrap |
| 5 | Edathua | Scooter | Bajaj Chetak | KL-04-D-3985 | Station Premises | 700 | Scrap |
| 6 | Edathua | M/C | Bajaj | KL-04-N-1489 | Station Premises | 750 | Scrap |
| 7 | Edathua | Scooter | Honda Activa | KL-04-K-5345 | Station Premises | 1100 | Scrap |
| 8 | Edathua | M/C | Bajaj | KL-03-L-4651 | Station Premises | 1000 | Scrap |
| 9 | Edathua | M/C | Bajaj | KL-04-M-6573 | Station Premises | 700 | Scrap |
| 10 | Edathua | Scooter | Kinetic Honda | KL-04-F-1316 | Station Premises | 400 | Scrap |
| 11 | Edathua | M/C | Bajaj Discover | NO Number | Station Premises | 1200 | Scrap |
| 12 | Edathua | M/C | Bajaj Discover | KL-04-U-2951 | Station Premises | 800 | Scrap |
| | Sub Total | | | | | 9700 | |
| **LOTE -10** | | | | | | | |
| 1 | Edathua | M/C | Bajaj Discover | KL-03-Q-9127 | Station Premises | 750 | Scrap |
| 2 | Edathua | M/C | Honda Glamour | KL-33-A-9913 | Station Premises | 1150 | Scrap |
| 3 | Edathua | M/C | Bajaj CT 100 | KL-04-S-304 | Station Premises | 600 | Scrap |
| | Edathua | M/C | Bajaj Discover | KL-23- | Station | 900 | Scrap |

| | | | | | | | |
|---|---|---|---|---|---|---|---|
| | Edathua | M/C | Bajaj Discover | 6277 | Premises | 900 | Scrap |
| 5 | Edathua | M/C | TVS | KL-04-C-5561 | Station Premises | 600 | Scrap |
| 6 | Edathua | M/C | TVS Victor | KL-29-2617 | Station Premises | 1000 | Scrap |
| 7 | Edathua | Scooter | Kinetic Honda | KL-07-B-3513 | Station Premises | 600 | Scrap |
| 8 | Edathua | M/C | Kawasaki Bajaj | KL-05-N-9662 | Station Premises | 700 | Scrap |
| 9 | Edathua | Autorikshaw | Bajaj | KL-03-H-3761 | Station Premises | 2800 | Scrap |
| 10 | Edathua | Autorikshaw | Bajaj | KL-04-F-7965 | Station Premises | 2700 | Scrap |
| 11 | Mannar | Motor Cycle | Bajaj Avanger 2005 model | KL-16-B-5396 | Station Premises | 1400 | Scrap |
| 12 | Mannar | Motor Cycle | Hero Honda CD100 | KL-04-F-2566 | Station Premises | 1100 | Scrap |
| | Sub Total | | | | | 14300 | |

മേൽ പട്ടികയിലെ വാഹനങ്ങൾ പരിശോധിക്കണം എന്നുള്ളവർക്ക് രാവിലെ 10.മണി മുതൽ വൈകിട്ട് 05.00മണി വരെയുള്ള സമയത്ത് ബന്ധപ്പെട്ട സ്റ്റേഷൻ ഹൗസ് ആഫീസറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്.)



Sabu PS IPS
District Police Chief

To : കേരള പോലീസ് മേധാവിക്ക് ഉപരിപത്രം സഹിതം അറിവിലേക്കായി, പോലീസ് അഡീഷൻ ഡയറക്ടർ ജനറൽ (ഇന്റെലിജൻസ്) ഉപരിപത്രം സഹിതം അറിവിലേക്കായി പോലീസ് ഇൻസ്പെക്ടർ (ജനറൽ), എസ്. സി.ആർബി ഉപരിപത്രം സഹിതം അറിവിലേക്കും പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുമായി .പോലീസ് ഇൻസകർ ജനറൽ ദക്ഷിണമേഖല കൊച്ചി ഉപരിപത്രം സഹിതം അറിവിലേക്കായി ,ഡെപ്യൂട്ടി പോലീസ് ഇൻസക്ടർ ജനറൽ കൊച്ചി റേഞ്ച്, ഉപരിപത്രം സഹിതം അറിവിലേക്കായി , ജില്ലാ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ, ജില്ലാ പബ്ലിക്ക് റിലേഷൻ ഓഫീസ്, ആലപ്പുഴ ഉപരിപത്രം സഹിതം മാധ്യമങ്ങളിൽ പ്രസിദ്ധികരിക്കിന്നതിനായി.

Copy To : എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും അറിവിലേക്കും വിപുലമായ പരസ്യത്തിനുമായി അസ്സിസ്റ്റന്റ് കമാണ്ടന്റ് , ഡി.എച്ച്. ആലപ്പുഴ അറിവിലേക്കും അനന്തര നടപടിക്കുമായി ജില്ലയിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും വിപുലമായ പരസ്യം നൽകുന്നതിനുമായി